**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**ചട്ടം 300 അനുസരിച്ച് ഗതാഗത വകുപ്പുമന്ത്രി 06.12.2018-ന് നടത്തിയ പ്രസ്താവന**

സംസ്ഥാനത്ത് ഏറ്റവും ഒടുവിലായി ടാക്സി-ഓട്ടോറിക്ഷാ നിരക്ക് വർദ്ധിപ്പിച്ചത് 17/10/2014-ലെ ജി.ഒ.(പി) 74/2014/ഗതാ. എന്ന ഉത്തരവ് (എസ്.ആർ.ഒ.നം.624/2014 നമ്പർ വിജ്ഞാപനം) പ്രകാരമാണ്. പ്രസ്തുത ചാർജ്ജ് വർദ്ധനക്ക് ശേഷം പെട്രോൾ - ഡീസൽ നിരക്കിലെ വൻ വർദ്ധനവ് ഉൾപ്പെടെ ടാക്സി-ഓട്ടോറിക്ഷ നടത്തിപ്പിലെ വിവിധ ചെലവുകളിൽ ഉണ്ടായ വർദ്ധനവ് പരിഗണിച്ചുകൊണ്ട് ടാക്സി-ഓട്ടോറിക്ഷാ നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഈ മേഖലയിലെ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ തൊഴിലാളി സംഘടനകളും സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കുകയും സമരത്തിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഈ സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി നിയമിച്ചിട്ടുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് ഈ വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി പൊതുജനങ്ങൾ, തൊഴിലാളികൾ, ടാക്സി-ഓട്ടോറിക്ഷാ ഓപ്പറേറ്റർമാർ എന്നിവരിൽനിന്ന് തിരുവനന്തപുരം, കൊച്ചി, കോട്ടയം എന്നിവിടങ്ങളിൽ വച്ച് അഭിപ്രായം ആരായുകയുമുണ്ടായി. ഇതു സംബന്ധിച്ച് ശാസ്ത്രീയമായ വിവരങ്ങൾ കമ്മിറ്റി നാറ്റ്പാകിൽനിന്നും ശേഖരിച്ചു.

ടാക്സി - ഓട്ടോറിക്ഷാ മേഖലകളിൽ ജോലിചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക്, സമൂഹത്തിലെ മറ്റേതൊരു മേഖലയിലും ഉണ്ടായിട്ടുള്ളതുപോലെ ജീവിത ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും അവിദഗ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി കൂലി പോലും ഓട്ടോറിക്ഷാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നില്ലെന്നും ക്യാപിറ്റൽ,

എംപ്ലോയ്മെന്റ് ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവുകളിൽ ഉണ്ടായ വർദ്ധ നവ് ടാക്സി - ഓട്ടോറിക്ഷാ നിരക്കുകൾ ഉചിതമായ നിരക്കിൽ വർദ്ധിപ്പി ക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്നും ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി വിലയിരുത്തുകയും 5-11-2018-ൽ ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച 5-11-2018-ലെ റിപ്പോർട്ട് പരി ശോധിച്ച ശേഷം സംസ്ഥാനത്തെ ടാക്സി - ഓട്ടോറിക്ഷാ വാടക നിരക്കു കൾ വർദ്ധിപ്പിക്കുന്നതിന് ഇന്നലെ (5-12-2018-ന്) ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇപ്പോൾ നിലവിലുള്ള ടാക്സി - ഓട്ടോറിക്ഷാ നിരക്കുകൾ കമ്മിറ്റി നിർദ്ദേശിച്ച നിരക്കുകൾ, സർക്കാർ അംഗീകരിച്ച നിരക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത നിരക്ക് വർദ്ധനവ് കൂടാതെ, അഡീഷണൽ ചാർജ്ജ്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവയ്ക്ക് നിലവിലുള്ള വ്യവസ്ഥ അതേപടി തുട രുവാനും മിനിമം ചാർജ്ജിനുള്ള ദൂരം കഴിഞ്ഞ് പൂർത്തിയായ കിലോമീറ്റ റിന് ശേഷം വരുന്ന ഓരോ 100 മീറ്ററിനും അതിൽ താഴെയും ദൂരത്തിന് 1.20 രൂപ വച്ച് മീറ്റർ ചാർജ്ജ് ഈടാക്കാവുന്നതാണെന്നും തീരുമാനിച്ചു.

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്,**
**തിരുവനന്തപുരം,**
**2018 ഡിസംബർ 6**

**വി. കെ. ബാബുപ്രകാശ്,**
**സെക്രട്ടറി.**

# അനുബന്ധം

| പട്ടിക | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | വാഹന വിഭാഗം | നിലവിലുള്ള നിരക്ക് | | | കമ്മിറ്റി നിർദ്ദേശിച്ച നിരക്ക് | | | സർക്കാർ അംഗീകരിച്ച നിരക്ക് | | |
| | | കുറഞ്ഞ നിരക്ക് | ദൂരം | നിരക്ക്/കി. മീറ്റർ. | മിനിമം ചാർജ്ജ് | ദൂരം | നിരക്ക്/കി.മീറ്റർ. | കുറഞ്ഞ നിരക്ക് | ദൂരം | നിരക്ക്/ കി.മീറ്റർ. |
| 1 | ഓട്ടോറിക്ഷ | 20/-രൂപ | 1.50 കി.മീ. | 10/-രൂപ | 30/-രൂപ | 1.50 കി.മീ. | 13/-രൂപ | 25/-രൂപ | 1.50 കി.മീ. | 12/-രൂപ |
| 2 | ടാക്സി | | | | | | | | | |
| | എ) 1500 സിസി വരെ | 150/-രൂപ | 5 കി.മീ. | 12/-രൂപ | 200/-രൂപ | 5 കി.മീ. | 15/-രൂപ | 175/-രൂപ | 5 കി.മീ. | 15/-രൂപ |
| | ബി) 1500 സിസിക്ക് മുകളിൽ | 150/-രൂപ | 5 കി.മീ. | 15/-രൂപ | 250/-രൂപ | 5 കി.മീ. | 17/-രൂപ | 200/-രൂപ | 5 കി.മീ. | 17/-രൂപ |
| 3 | ക്വാഡ്രിസൈക്കിൾ (ഓട്ടോ-ടാക്സി) | 21/-രൂപ | 1.50കി.മീ. | 10/-രൂപ | 35/-രൂപ | 1.50കി.മീ. | 13/-രൂപ | 30/-രൂപ | 1.50 കി.മീ. | 12/-രൂപ |